# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 25.02.2023 മുതൽ 01.03.2023 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 08/2023,(16) വെള്ളിയാഴ്ച്ച | തീയ്യതി 24/02/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 25.02.2023 | 26.02.2023 | 27.02.2023 | 28.02.2023 | 01.03.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0.3 |
| ഉയർന്ന താപനില (°C) | 32 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 250 | 250 | 250 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 5 | 4 | 6 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴയ്ക്ക് സാധ്യത

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2023 ഫെബ്രുവരി 22 | 2023 ഫെബ്രുവരി 23 | 2023 ഫെബ്രുവരി 24 | 2023 ഫെബ്രുവരി 25 | 2023 മാർച്ച് 01 |
|---|---|---|---|---|
| മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല | വളരെ നേരിയ മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് – ചിനപ്പ് പൊട്ടുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചിൽ | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണസും ചേർത്ത് കലക്കി തളിക്കാവുന്നതാണ്. |
| വാഴ & തെങ്ങ് | ജലസേചനം | തെങ്ങൊന്നിന് 40 മുതൽ 50 ലിറ്റർ വരെയും ഒരു വാഴക്ക് 40 ലിറ്റർ എന്ന തോതിലും ജലസേചനം നൽകേണ്ടതാണ്. മണ്ണിൽ ഈർപ്പം നിലനിർത്തുക. |
| ചീര | ഇലപ്പുള്ളിയും ഇലകരിച്ചിലും | ചുവന്ന ചീരയും പച്ചച്ചീരയും ഇടകലർത്തി നടുക, ട്രൈക്കോഡെർമ്മ അല്ലെങ്കിൽ സ്യൂഡോമോണാസ് ഇവയിലേതെങ്കിലുമുപയോഗിച്ച് വിത്ത് പരിചരണം നടത്തുക, വീശി ഒഴിക്കാതെ ചുവട്ടിൽ മാത്രം വെള്ളം ഒഴിക്കുക, രോഗം കണ്ടു തുടങ്ങുമ്പോൾ തന്നെ ഒരു ലിറ്റർ വെള്ളത്തിൽ സ്യൂഡോമോണസ് 20 ഗ്രാം + പച്ച ചാണകം 20 ഗ്രാം കലക്കി അതിൻറ്റെ തെളി എടുത്തു തളിക്കുക, 1 ഗ്രാം സോഡാപ്പൊടിയും 5 ഗ്രാം മഞ്ഞപ്പൊടിയും ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 7-8 ദിവസം ഇടവിട്ട് ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിക്കുകയും ചെയ്യുക. |
| മത്സ്യകൃഷി | പരിപാലനം | ചൂട് കൂടുതലുള്ള സമയമായതിനാൽ പടുതാ കുളത്തിൽ കൃഷി ചെയ്യുന്ന മത്സ്യ കർഷകർ ടാങ്കിനു മുകളിലായി പച്ച ഷെയ്ഡ് നെറ്റ് അല്ലെങ്കിൽ ഷീറ്റ് കെട്ടി വെയിലേറ്റ് വെള്ളത്തിൻറ്റെ ഊഷ്മാവ് കൂടുന്നത് തടയേണ്ടതാണ്. |